വണ്ണ പ്രാദേശിക സ്വയംഭരണതലത്തിൽ തെരഞ്ഞെടുപ്പിനു മത്സരിച്ച സ്ഥാനാർത്ഥികളിൽ ഏതാണ്ട് ഏഴിലൊന്നു മാത്രമായിരുന്നു സ്ത്രീകൾ. ജനസംഖ്യാനുപാതികമായി നോക്കിയാൽ സ്ത്രീസ്ഥാനാർത്ഥികളുടെ സംഖ്യ ഇതിന്റെ മൂന്നര ഇരട്ടിയോളം ഉണ്ടാവേണ്ടതായിരുന്നു. അതിനാൽ സ്ത്രീകളുടെ സാമൂഹ്യമായ ഉത്തരവാദിത്വം ബോധ്യപ്പെടുത്തി അവരെ സക്രിയരാക്കുന്നതിന് വളരെയേറെ പ്രവർത്തനം കേരളത്തിലും മേലിൽ നടക്കേണ്ടതുണ്ട്. അതേസമയം ഈ തെരഞ്ഞെടുപ്പിൽ സ്ത്രീകൾ വഹിച്ച പങ്ക് തീർച്ചയായും കേരളത്തിന് അഭിമാനാർഹമാണ്. ഈ കാര്യത്തിൽ ഇന്ത്യയിലെ മററു സംസ്ഥാനങ്ങളെക്കാൾ എത്രയോ മുന്നിലാണ് കേരളം.

(23 ജനവരി, 1988)

# 39 സ്ത്രീകൾക്ക് ഒരു ദേശീയ പദ്ധതി

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ഇന്ത്യയിലെ സ്ത്രീകൾ നേടിയ പുരോഗതി വിലയിരുത്തുകയും ഈ പുരോഗതിയെ ത്വരിപ്പിക്കുന്നതിന് 1988—ാമാണ്ടുമുതൽ 2000—ാമാണ്ടുവരെയുള്ള പന്ത്രണ്ടു വർഷങ്ങളിൽ ഗവണ്മെൻറ് കൈക്കൊള്ളേണ്ട നടപടികൾ നിർദേശിക്കുകയുംചെയ്യുന്ന ഒരു ദേശീയപദ്ധതിയുടെ കരടുരേഖ (ഡ്രാഫ്ററ് നാഷനൽ പെർസ്പെക്ടീവ് പ്ലാൻ ഫോർ വിമെൻ 1988—2000 എ. ഡി.) 1988 ഫെബ്രുവരിയിൽ കേന്ദ്ര സർക്കാർ പ്രസിദ്ധീകരിക്കുകയുണ്ടായി. തുടർന്നു നടന്ന ചർച്ചകളുടെ വെളിച്ചത്തിൽ ചില ഭേദഗതികൾ വരുത്തിയ രൂപത്തിൽ ഈ രേഖ ഇക്കഴിഞ്ഞ നവംബറിൽ മദ്രാസിൽ ചേർന്ന ഒരു സെമിനാറിൽ പ്രധാനമന്ത്രി സമർപ്പിച്ചു. ഇന്ത്യയിലെ സ്ത്രീകളുടെ ഇന്നത്തെ സ്ഥിതിയുടെ ശോചനീയത വ്യക്തമാക്കുന്നതെന്ന നിലയ്ക്ക് ഈ രേഖ വ്യാപകവും നിഷ്കൃഷ്ടവുമായ പഠനം അർഹിക്കുന്നുണ്ട്.

ഇന്ത്യയിൽ ഇപ്പോൾ മുപ്പത്തിഏഴു കോടിയിലേറെ സ്ത്രീകളുണ്ട്. ഇവരിൽ പതിനഞ്ചു കോടിയും കടുത്ത ദാരിദ്ര്യത്തിലാണ് കഴിഞ്ഞുകൂടുന്നത്. ദാരിദ്ര്യം പുരുഷന്മാർക്കുമുണ്ടെങ്കിലും ദരിദ്രപുരുഷന്മാർക്കില്ലാത്ത പല അവശതകളും ദരിദ്രസ്ത്രീകൾ അനുഭവിക്കേണ്ടിവരുന്നു. പെൺകുട്ടി ഒരു ശാപമാണെന്നു കരുതുന്ന മാതാപിതാക്കൾ ഇന്ത്യയിൽ കുറവല്ല. 'ആമ്നിയോസെൻറസിസ്' എന്ന ഉല്ബജല പരീക്ഷണത്തിലൂടെ ഗർഭസ്ഥശിശു ആണോ പെണ്ണോ എന്നു തിട്ടപ്പെടുത്തുക ഇപ്പോൾ എളുപ്പമാണ്. ശിശു പെണ്ണാണെന്ന് അറിവായാൽ ഉടനെ ഗർഭഛിദ്രം നടത്തുകയും നടത്തിക്കുകയും ചെയ്യുന്ന മാതാപിതാക്കൾ നമ്മുടെ ഇടയിൽ ധാരാളമുണ്ട്. പിറന്ന ശേഷം ഏതാനും ദിവസങ്ങൾക്കകം പെൺകുട്ടികളെ കൊലപ്പെടുത്തുന്ന വഴക്കം ഇന്ത്യയിൽ ചില പ്രദേശങ്ങളിൽ ചില ജനവിഭാഗങ്ങൾക്കിടയിൽ ഇന്നും നിലനില്ക്കുന്നു. ജീവിക്കാൻ അനുവദിക്കപ്പെട്ടാലും ആൺകുട്ടികൾക്ക നൽകുന്ന പോഷകഭക്ഷണമോ, രോഗശുശ്രൂഷയോ, ശ്രദ്ധയോ മിക്ക പ്രദേശങ്ങളിലും പെൺകുട്ടികൾക്ക നൽകപ്പെടുന്നില്ല. ഇക്കാരണത്താൽ ആൺകുട്ടികളെക്കാൾ കൂടുതൽ പെൺകുട്ടികൾ ശൈശവത്തിൽ മരിക്കുന്നു. ഗർഭ—പ്രസവ—ശുശ്രൂഷകളുടെ അപര്യാപ്തതമൂലം യൗവനത്തിൽത്തന്നെ മരിച്ചുപോകുന്ന സ്ത്രീകളും കുറവല്ല. ഇതെല്ലാം നിമിത്തം 1981—ൽ ആയിരം പുരുഷന്മാർക്ക് 933 സ്ത്രീകളേ ഇന്ത്യയിൽ ഉണ്ടായിരുന്നുള്ളു. 1981—ൽ പുരുഷന്മാരുടെ ആയുഃപ്രതീക്ഷയേക്കാൾ ഒരു വർഷം കുറവായിരുന്നു ഇന്ത്യയിലെ സ്ത്രീകളുടെ ആയുഃപ്രതീക്ഷ—51.6 വർഷം.

ഭാരതീയ സ്ത്രീകളിൽ എഴുപത്തഞ്ചു ശതമാനവും നിരക്ഷരരാണ്. സ്കൂളുകളിൽ പെൺകുട്ടികൾ കുറവായേ ചേരുന്നുള്ളു. ചേരുന്ന പെൺകുട്ടികളിൽ 55.5 ശതമാനം പ്രൈമറി ഘട്ടത്തിലും 77.7 ശതമാനം അപ്പർ പ്രൈമറി ഘട്ടത്തിലും പൊഴിഞ്ഞുപോവുന്നു. 1975 മുതൽ 1985 വരെയുള്ള പത്തു വർഷങ്ങളിൽ ഉന്നതവിദ്യാഭ്യാസത്തിനു പോകുന്ന ഇന്ത്യൻ പെൺകുട്ടികളുടെ എണ്ണത്തിൽ വർദ്ധന ഉണ്ടായിട്ടില്ല. ഇന്ത്യയിലെ സർവകലാശാലകളിലും സാങ്കേതിക വിദ്യാലയങ്ങളിലും ആൺകുട്ടികളെക്കാൾ എത്രയോ കുറച്ചു പെൺകുട്ടികൾ മാത്രമേ പഠിക്കുന്നുള്ളു.

മിക്ക ഇന്ത്യൻ പെൺകുട്ടികളും പ്രായപൂർത്തിയെത്തുംമുമ്പ് വിവാഹിതരാകുന്നു. ഒരു ശരാശരി ഇന്ത്യൻസ്ത്രീ 4.6 കുട്ടികൾക്ക് ജന്മം നൽകുന്നു. തുടർച്ചയായി ഗർഭസ്രാവം ഇന്ത്യൻ സ്ത്രീകളിൽ സാധാരണയാണ്. ഗർഭിണികളിൽ നേർ പകുതിയിലേറെ രക്തക്ഷയം (അനീമിയ) ബാധിച്ചവരാണ്. പ്രസവമരണങ്ങളിൽ ഇരുപതു ശതമാനത്തോളം ഇക്കാരണംകൊണ്ട് സംഭവിക്കുന്നതത്രെ.

കൃത്യമായ വരുമാനം ലഭിക്കുന്ന സംഘടിത മേഖലകളിലെ തൊഴിലാളികളിൽ 13.3 ശതമാനം മാത്രമാണ് സ്ത്രീകൾ, സ്ത്രീ തൊഴിലാളികളിൽ 89.5 ശതമാനവും അസംഘടിതമേഖലകളിൽ പ്രവർത്തിക്കുന്നവരാകുന്നു. ഇവരിൽ തന്നെ 82.3 ശതമാനം കൃഷിസംബന്ധിച്ച ജോലികൾ ചെയ്യുന്നവരത്രെ. പൊതുമേഖലാസ്ഥാപനങ്ങളിൽ സ്ത്രീകളായ ജോലിക്കാർ 11 ശതമാനം മാത്രമാണ്; സ്വകാര്യമേഖലാസ്ഥാപനങ്ങളിൽ 17.8 ശതമാനവും. എസ്.എസ്.എൽ. സി. പാസ്സായ അമ്പത്തൊന്നു ലക്ഷം ഇന്ത്യൻ പെൺകുട്ടികൾക്ക് 1984–ൽ തൊഴിലുണ്ടായിരുന്നില്ല. ഭരണം, മാനേജ്മെൻറ് എന്നിവ സംബന്ധിച്ച ഉയർന്ന ഉദ്യോഗങ്ങളിൽ 15,993 പുരുഷന്മാർ പ്രവർത്തിച്ചിരുന്നപ്പോൾ, 994 സ്ത്രീകൾ മാത്രമേ ഇന്ത്യയിൽ ഇത്തരം പദവികളിൽ എത്തിച്ചേർന്നിട്ടുള്ളു. അഖിലേന്ത്യാ സർവീസുകളിൽ 5.8 ശതമാനം മാത്രമാണ് സ്ത്രീകൾ. ഇന്ത്യൻ പോലീസ് സർവീസിൽ ഓഫീസർ പദവികളിൽ 2439 പുരുഷന്മാരുള്ളപ്പോൾ 21 സ്ത്രീകൾ മാത്രമാണുള്ളത്. ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ 4209 പുരുഷന്മാർ പ്രവർത്തിക്കുമ്പോൾ, സ്ത്രീകളുടെ എണ്ണം 339 (7.5 ശതമാനം) മാത്രമാകുന്നു. ഇന്ത്യയിലെ പാർലമെൻറ് അംഗങ്ങളിൽ പത്തു ശതമാനം മാത്രമാണ് സ്ത്രീകൾ. രജിസ്റ്റർചെയ്ത ട്രേയ്ഡ് യൂനിയനുകളിൽ സ്ത്രീകളുടെ അംഗസംഖ്യ 7.5 ശതമാനമേ ഉള്ളു.

കൂലിയില്ലാതെയോ പര്യാപ്തമായ കൂലി ലഭിക്കാതെയോ ദിവസംതോറും പന്ത്രണ്ടു മണിക്കൂറോളം അദ്ധ്വാനിക്കുന്ന സ്ത്രീകൾ കുറവല്ല. ഗൃഹകൃത്യങ്ങൾ, കൃഷി സംബന്ധിച്ച പണികൾ, ദൂരെനിന്നു വെള്ളവും വിറകും കാലിത്തീററയും ചുമന്നുകൊണ്ടുവരൽ, കടകളുടെ മുമ്പിലെ ക്യൂനിൽപ്പ്—സ്ത്രീകളുടെ കൂലിയില്ലാപ്പണികൾക്ക് അവസാനമില്ല.

1951–ൽ ആരംഭിച്ച ഒന്നാം പഞ്ചവത്സരപദ്ധതിയിൽത്തന്നെ സ്ത്രീകളുടെ യോഗക്ഷേമത്തിനുവേണ്ടിയുള്ള ഏതാനും പരിപാടികൾ ഉൾക്കൊള്ളിച്ചിരുന്നു. തുടർന്ന് നടപ്പിൽ വരുത്തിയ ആറു പഞ്ചവത്സരപദ്ധതികളും ഇതേ നയം തന്നെ തുടർന്നു. സ്ത്രീകളുടെ ഉയർച്ച ഉദ്ദേശിച്ചുള്ള ഇരുപത്തേഴ് പദ്ധതികൾ ഇപ്പോൾ കേന്ദ്ര ഗവണ്മെൻറ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

ഇതൊന്നും പര്യാപ്തമല്ലെന്നും സ്ത്രീകളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ഊർജ്ജിതവും കാലബദ്ധവുമായ ഒരു പരിപാടി ആവിഷ്കരിച്ചു നടപ്പിൽ വരുത്തിയാൽ മാത്രമേ ദാരിദ്ര്യത്തിൽനിന്ന് ഇന്ത്യയിലെ സ്ത്രീകളുടെ ബഹുഭൂരിപക്ഷത്തെ ഉദ്ധരിക്കാൻ കഴിയൂ എന്നുമുള്ള ബോധം ഉദിച്ചതിൻ ഫലമായിട്ടാണ് കേന്ദ്ര ഗവണ്മെൻറ് ഇപ്പോൾ ഈ ദേശീയ വനിതാവികസനപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പല ജീവിതപരിമിതികളുടെ കാരണവും ഫലവുമാണ് ദാരിദ്ര്യം. അതിൻെറ യാതനകൾ കൂടുതലും അനുഭവിക്കേണ്ടിവരുന്നത്

സ്ത്രീകളാണ്. ദാരിദ്ര്യത്തിന്റെ ഫലമായി പകർച്ചവ്യാധികൾ, പോഷണവൈരള്യം, അനാരോഗ്യം, വളർച്ചക്കുറവ്, ബുദ്ധിമാന്ദ്യം, ആകാരവൈരൂപ്യം, ഗർഭ—പ്രസവ ബാഹുല്യം, ജോലിക്ക് കൂലി കിട്ടായ്ക, സമ്പാദ്യക്കുറവ്, തൊഴിലില്ലായ്മ മുതലായ ദൗർഭാഗ്യ ശൃംഖലകൾ സ്ത്രീകളെ വരിഞ്ഞുമുറുക്കുന്നു. പോഷണലഭ്യത, പരിസരശുചിത്വം, വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, സമയവും അദ്ധ്വാനവും ലാഭിക്കുന്നതിനുള്ള സേവനങ്ങൾ, തൊഴിൽ, ഗർഭ—പ്രസവ ശുശ്രൂഷ, രോഗചികിത്സ, സാമൂഹ്യ-സാമ്പത്തിക ജീവിതത്തിൽ പങ്കാളിത്തം മുതലായവ ചെറുപ്പംമുതൽ സ്ത്രീകൾക്ക് കൈവരുത്തുന്നതിലൂടെ മാത്രമേ ഈ വിഷമവൃത്തത്തെ എന്നെന്നേക്കുമായി തകർക്കാൻ കഴിയൂ. സഹായമർഹിക്കുന്ന ഒരു ദുർബലവിഭാഗമായി സ്ത്രീകളെ കാണരുത്; രാഷ്ട്രത്തിന്റെ വികസനത്തിനുള്ള ഒരു നിക്ഷേപം (ഇൻപുട്ട്) ആയി അവരെ പരിഗണിക്കണം. വ്യത്യസ്തതുറകളിൽ പര്യാപ്തമായ പരിശീലനവും, രാഷ്ട്രത്തിന്റെ സാമ്പത്തിക—സാമൂഹ്യ ജീവിതത്തിന്റെ വിഭിന്ന രംഗങ്ങളിൽ പുരുഷന്മാരോടൊപ്പം അദ്ധ്വാനിക്കാനും നേട്ടങ്ങൾ കൈവരിക്കാനുമുള്ള അവസരവും നൽകുമ്പോൾ മാത്രമേ സ്ത്രീകൾ 'വികസനത്തിനുള്ള നിക്ഷേപം' ആയിത്തീരുകയുള്ളൂ.

സാമ്പത്തികപ്രവർത്തനങ്ങളിൽ പുരുഷനോട് തുല്യമായ പങ്കാളിത്തം സ്ത്രീക്കും കൈവരുത്തുകയാണ് ദാരിദ്ര്യത്തിൽനിന്ന് സ്ത്രീയെ മോചിപ്പിക്കുന്നതിനുള്ള മാർഗം. ഗ്രാമങ്ങളിൽ സ്ത്രീകൾക്ക് ജോലിസാദ്ധ്യതയുള്ള ഒമ്പത് തൊഴിൽത്തുറകൾ പദ്ധതി ചൂണ്ടിക്കാണിക്കുന്നുണ്ട്. കൃഷി, മൃഗപരിപാലനം, ഖാദി, ഗ്രാമീണ വ്യവസായങ്ങൾ, കൈത്തൊഴിലുകൾ, കൈത്തറി നെയ്ത്ത്, പട്ടുനൂൽ വ്യവസായം, മത്സ്യബന്ധനം, വനസംരക്ഷണം എന്നിവയാണ് ഈ തുറകൾ. ആണ്ടോടാണ്ട് പെരുകിവരുന്ന സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുവാൻ ഈ തുറകൾ പര്യാപ്തമാവുകയില്ലെന്നു കാണാൻ പ്രയാസമില്ല. സ്ത്രീകളെ സംബന്ധിച്ചിടത്തോളം ആണ്ടിൽ ഏതാനും ദിവസങ്ങളിൽ മാത്രമേ കൃഷിപ്പണി കിട്ടാൻ സാദ്ധ്യതയുള്ളൂ; ജോലിയുള്ള ദിവസങ്ങളിൽത്തന്നെ അപര്യാപ്തമായ കൂലിയേ അവർക്കു ലഭിക്കൂ. മൃഗപരിപാലനം ഇന്ത്യയിൽ മിക്ക സ്ഥലങ്ങളിലും ആദായകരമായ വ്യവസായമായി ഇനിയും വളർന്നിട്ടില്ല. ഖാദി, ഗ്രാമീണവ്യവസായങ്ങൾ, കൈത്തറിനെയ്ത്ത്, കൈത്തൊഴിലുകൾ മുതലായവ തീവ്രമായ പ്രതിസന്ധിയിലാണ്. മത്സ്യബന്ധനം, വനസംരക്ഷണം, പട്ടുനൂൽ വ്യവസായം എന്നിവയുടെ സ്ഥിതിയും വ്യത്യസ്തമല്ല. ചുരുക്കത്തിൽ, ഗ്രാമങ്ങളിൽ സ്ത്രീകളുടെ തൊഴിൽസാദ്ധ്യത ആണ്ടോടാണ്ട് വർദ്ധിക്കുന്നതല്ല, നേരെ മറിച്ച് ചുരുങ്ങിവരുന്നതാണ് നമ്മുടെ അനുഭവം.

ജോലിക്കു പോകുന്ന സ്ത്രീകളെ സഹായിക്കുന്നതിനായി ശിശുമന്ദിരങ്ങൾ, നേഴ്സറി സ്കൂളുകൾ, സർക്കാർ ഉടമയിലുള്ള ന്യായവിലഷോപ്പുകൾ മുതലായ സേവനസ്ഥാപനങ്ങൾ വിപുലമായ തോതിൽ സ്ഥാപിക്കേണ്ടതിന്റെ ആവശ്യം പദ്ധതിരേഖ ഊന്നിപ്പറയുന്നുണ്ട്. സ്കൂൾകുട്ടികൾക്ക് സൗജന്യമായ പോഷകാഹാരം, സമഗ്രമായ രോഗനിവാരണപദ്ധതികൾ മുതലായവയും പരാമർശിക്കപ്പെട്ടിട്ടുണ്ട്. കുടുംബസ്വത്തിൽ സ്ത്രീകൾക്കു പങ്കാളിത്തമുണ്ടാക്കുന്നതിനായി, ഭൂമിയുടെ പട്ടയം സ്ത്രീയുടെകൂടി പേരിൽ നൽകണമെന്നു നിർദ്ദേശിച്ചിരിക്കുന്നു. പെൺകുട്ടികൾക്ക് സ്വത്തവകാശം നിഷേധിക്കുന്ന നിയമങ്ങൾ റദ്ദാക്കുകയും, ഏകരൂപമായ ഒരു സിവിൽ നിയമം 2000-ാമാണ്ട് ആകുമ്പോഴേക്കും നടപ്പിൽ വരുത്തുകയും വേണമെന്ന് ശുപാർശ ചെയ്തിരിക്കുന്നു. വിവാഹമോചനം മുതലായവ സംബന്ധിച്ച കേസ്സുകൾ കേട്ട് വിധി കല്പിക്കുന്നതിന് കുടുംബക്കോടതികൾ സ്ഥാപിക്കണമെന്നതാണ് മറ്റൊരു നിർദ്ദേശം. സ്ത്രീകൾക്ക് സാക്ഷരതയും തൊഴിൽ പരിശീലനവും നൽകുന്നതിന്റെ പ്രാധാന്യവും എടുത്തുപറയപ്പെട്ടിരിക്കുന്നു.

സ്ത്രീയുടെ രാഷ്ട്രീയപദവി പുരുഷന്റേതിനോടു തുല്യമായി ഉയർത്തുന്ന

തിനുള്ള ഒരു ഉപാധി എന്ന നിലയിൽ, പഞ്ചായത്തുതലം മുതൽ പാർലമെൻറ് തലംവരെ തിരഞ്ഞെടുപ്പിലൂടെ കൈവരുന്ന എല്ലാ സ്ഥാനങ്ങളിലും 30 ശതമാനം സ്ത്രീകൾക്കായി സംവരണം ചെയ്യണമെന്ന് കരടുപദ്ധതിയിൽ നിർദേശിച്ചിരുന്നു ജനാധിപത്യത്തിൻെറ വളർച്ചയും സ്ത്രീകളുടെതന്നെ പരാശ്രയനിരപേക്ഷമായ പുരോഗതിക്കും സംവരണം തടസ്സമാകുമെന്ന വിമർശനം ഉണ്ടായതിനെത്തുടർന്ന് നിയമസഭകളിൽ സ്ത്രീകൾക്ക് സ്ഥാനസംവരണം വേണമെന്ന നിർദേശം ഉപേക്ഷിക്കപ്പെട്ടിരിക്കുകയാണ്. പകരം, തിരഞ്ഞെടുപ്പുകളിൽ എല്ലാ പാർട്ടികളും 30 ശതമാനം സ്ഥാനങ്ങളിലേക്ക് സ്ത്രീകളെ നിർത്തണമെന്ന് നിർദേശിക്കപ്പെട്ടിരിക്കുന്നു. പഞ്ചായത്തുസമിതികളിൽ സ്ത്രീകൾക്ക് 30 ശതമാനം സംവരണം വേണമെന്ന നിർദേശം ഉപേക്ഷിക്കപ്പെട്ടിട്ടില്ല.

പ്രാഥമിക വിദ്യാഭ്യാസം സാർവത്രികമാക്കണമെന്നും, പതിനഞ്ച്–മുപ്പത്തഞ്ച് വയസ്സുകൾക്കിടയിലുള്ളവർക്കെല്ലാം സാക്ഷരത കൈവരുത്തണമെന്നും ദേശീയ വനിതാ പദ്ധതി ആവശ്യപ്പെടുന്നു. പ്രാഥമികാദ്ധ്യാപകരിൽ 50 ശതമാനവും സ്ത്രീകളാകണമെന്നും, ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ സ്ത്രീകളെ മാത്രമേ അദ്ധ്യാപകരായി നിയമിക്കാവൂ എന്നും പദ്ധതിയിൽ നിർദേശിക്കുന്നുണ്ട്. യഥാകാലം വിദ്യാഭ്യാസം നേടാൻ കഴിയാതിരുന്ന മുതിർന്ന ബാലികമാർക്കുവേണ്ടി പ്രത്യേകമായി ഹ്രസ്വകാല കോഴ്സുകളും തൊഴിൽ പരിശീലന കോഴ്സുകളും നടത്തണമെന്നും പദ്ധതി അനുശാസിക്കുന്നു.

പദ്ധതിയിലെ ശുപാർശകൾ നടപ്പിൽ വരുത്തുന്നതിനായി ജില്ലാതലത്തിൽ കോ–ഓർഡിനേററർമാർ, സ്റ്റേററ് തലത്തിൽ സ്ത്രീവികസന ഡയറക്ടറേററുകൾ, കേന്ദ്രത്തിൽ സ്ത്രീ വികസന കോർപ്പറേഷൻ, സ്ത്രീകൾക്കായുള്ള നാഷനൽ റിസോഴ്സ് സെൻറർ മുതലായ പല ഉദ്യോഗങ്ങളും സ്ഥാപനങ്ങളും പുതുതായി നിലവിൽ വരുത്തണമെന്ന് പദ്ധതിയിൽ പറയുന്നു. പക്ഷേ, ഇതിനൊക്കെ പണം എവിടെനിന്ന് ഉണ്ടാവുമെന്ന് വ്യക്തമാക്കിയിട്ടില്ല.

ജീവിതത്തിൻെറ എല്ലാ മണ്ഡലങ്ങളിലും പുരുഷന്മാരോട് തുല്യമായ പദവി സ്ത്രീകൾക്ക് കൈവരണമെങ്കിൽ, വ്യത്യസ്ത തലങ്ങളിൽ ഉത്തരവാദിത്തം ഏറെറടുത്തു നടത്തുന്നതിനുള്ള പരിശീലനം സ്ത്രീകൾക്ക് നൽകേണ്ടതുണ്ട്. ഇന്നത്തെ സ്ത്രീവിദ്യാഭ്യാസസമ്പ്രദായത്തിൽ സമഗ്രമായ പരിഷ്കരണം ഇതിനാവശ്യമാണ്. സർവപ്രധാനമായ ഈ കാര്യത്തെപ്പററി, നിർഭാഗ്യവശാൽ പദ്ധതി പരാമർശിക്കുന്നതേയില്ല.

പ്രസക്തമായ മറെറാരു ചോദ്യമുണ്ട്. പദ്ധതിയിൽ പറയുന്ന കാര്യങ്ങൾ നിശ്ചിതകാലത്തിനുള്ളിൽ നടപ്പിൽ വരുത്തണമെന്ന് അതിൻെറ ആവിഷ്കർത്താക്കൾക്ക് ആത്മാർത്ഥമായ ആഗ്രഹമുണ്ടോ? ഷാബാനു കേസ്സിനോടനുബന്ധിച്ച് നടന്ന വാദപ്രതിവാദത്തെത്തുടർന്ന് പിൻതിരിപ്പനായ 1986–ലെ മുസ്ലിം വനിതാ (വിവാഹമോചന–അധികാരസംരക്ഷണ) നിയമം പാസ്സാക്കുകയും രാജസ്ഥാൻ സ്റ്റേററിലെ ദേവരാലാ ഗ്രാമത്തിൽ 1987 സെപ്തംബറിൽ നടന്ന 'സതി'യെത്തുടർന്ന് ഒട്ടേറെ ഉരുണ്ടുകളിക്കുകയും ചെയ്ത കേന്ദ്ര ഗവൺമെൻറിന്, സ്ത്രീസമത്വമെന്ന വിപ്ലവാത്മകലക്ഷ്യത്തിൽ എത്രമാത്രം പ്രതിബദ്ധതയുണ്ട്? അടുത്തു നടക്കാനിരിക്കുന്ന പൊതുതിരഞ്ഞെടുപ്പിൽ സ്ത്രീകളുടെ വോട്ടുകൾ നേടിയെടുക്കുന്നതിനുള്ള പ്രചാരവേലയുടെ ഒരു ഭാഗം മാത്രമാണോ ദേശീയ വനിതാ വികസനപദ്ധതി?

കാരണങ്ങളെന്തായാലും എന്തായാലും, പദ്ധതി രേഖയേയും അതു് പ്രതിപാദിക്കുന്ന പ്രശ്നങ്ങളേയും അവയ്ക്ക് നിർദേശിക്കപ്പെട്ടിരിക്കുന്ന പരിഹാരങ്ങളേയുംപററി വ്യത്യസ്ത തലങ്ങളിൽ, പ്രത്യേകിച്ച് സ്ത്രീകൾക്കിടയിൽ, ചർച്ചകൾ നടക്കുന്നതു് പ്രയോജനകരമാകാതിരിക്കുകയില്ല. തങ്ങൾ വീണുകിടക്കുന്ന പടു

കഴിയുടെ ആഴം മനസ്സിലാക്കിയവരിൽ മാത്രമല്ലേ, അതിൽനിന്നു കയറാനുള്ള ആഗ്രഹം നാമ്പെടുക്കുകയുള്ളൂ? ആഗ്രഹം ഇച്ഛാശക്തിയായി മാറിയിട്ടു വേണമല്ലോ പ്രയത്നം ആരംഭിക്കാൻ?

(12 ഡിസംബർ, 1988)

# 40. മുസ്ലീം വിവാഹമോചിതകൾക്ക് ആശ്വാസം

ഷാബാനു എന്ന മുസ്ലീം വിവാഹമോചിതയ്ക്കു് മുൻ ഭർത്താവിൽനിന്നു് ആ സ്ത്രീയുടെ പുനർവിവാഹംവരെയോ, അവർ പുനർവിവാഹംചെയ്യുന്നില്ലെങ്കിൽ മരണംവരെയോ ചെലവിനുകിട്ടാൻ ഇന്ത്യൻ ക്രിമിനൽ നടപടി നിയമത്തിലെ 125–ാം വകുപ്പുപ്രകാരം അവകാശമുണ്ടെന്നു സുപ്രീംകോടതി വിധിച്ചതു് രണ്ടുമൂന്നു വർഷങ്ങൾക്കുമുമ്പു് ഇന്ത്യയിലെ മുസ്ലീങ്ങൾക്കിടയിൽ വമ്പിച്ച പ്രക്ഷോഭത്തിനു കാരണമാവുകയുണ്ടായി. മുസ്ലീങ്ങളുടെ വിവാഹവും വിവാഹമോചനവും സംബന്ധിച്ച നിയമങ്ങൾ എക്കാലത്തേക്കുമായി വ്യവസ്ഥപ്പെടുത്തിയിട്ടുണ്ടെന്നും, ഈ 'ശരീഅത്ത്' നിയമങ്ങൾക്കു മാററംവരുത്തുവാൻ സർക്കാരിനു് അധികാരമില്ലെന്നും മുസ്ലീം സമൂഹത്തിലെ യാഥാസ്ഥിതികർ വാദിച്ചു. ഇതിനെത്തുടർന്നുണ്ടായ പ്രക്ഷോഭത്തിനുമുമ്പിൽ ഇന്ത്യാഗവണ്മെൻറ് മുട്ടുമടക്കി. 'മുസ്ലീം വനിതകളുടെ അധികാരങ്ങൾ രക്ഷിക്കുന്നതിനും വിവാഹമോചനം സംബന്ധിച്ചുമുള്ള 1986–ലെ നിയമം പാലർമെൻറ് പാസ്സാക്കിയതു് ഈ പശ്ചാത്തലത്തിലായിരുന്നു. ഈ പുതിയ നിയമപ്രകാരം വിവാഹമോചനം കഴിഞ്ഞു് മൂന്നു മാസവും പത്തു ദിവസവും നീണ്ടുനിൽക്കുന്ന 'ഇദ്ദ' കാലത്തു ചെലവിനുള്ള വകയും 'മഹർ' എന്ന വിവാഹമൂല്യവും വിവാഹത്തോടനുബന്ധിച്ചു് എന്തെങ്കിലും സമ്മാനങ്ങൾ ബന്ധുക്കളിൽനിന്നോ മറേറാ കിട്ടിയിട്ടുണ്ടെങ്കിൽ അവയും അന്തിമമായി ഒരു സമ്മാനവും മുൻ ഭർത്താവിൽനിന്നു കിട്ടാൻ മാത്രമേ വിവാഹമോചിതയായ മുസ്ലീം സ്ത്രീക്കു് അവകാശമുള്ളു. വിവാഹമോചനത്തിനുശേഷം ആ സ്ത്രീയുടെ സംരക്ഷണം അവളുടെ പിതാവോ മററു ബന്ധുക്കളോ അവർക്കു് അതിനു കഴിവും മനസ്സുമില്ലെങ്കിൽ മുസ്ലീം വഖഫ് ബോർഡോ ഏറെറടുക്കണം. വിവാഹമോചിതരായ എത്രയോ അധികം മുസ്ലീംസ്ത്രീകൾക്കു് താങ്ങാനാവാത്ത ദുരിതങ്ങളാണു് ഈ നിയമം വരുത്തിവയ്ക്കുക എന്ന ആശങ്ക പരക്കെ ഉണ്ടായിരുന്നു.

ലഖ്നൗവിലെ ഒരു പ്രത്യേക കോടതിയിൽ മുൻസിഫ്–മജിസ്ട്രേററായ കുമാരി രേഖാ ദീക്ഷിത് ഇക്കഴിഞ്ഞ ജനുവരി 6–ാം തീയതി നൽകിയ ഒരു വിധി ഈ ആശങ്കയ്ക്കു് ഒരളവോളം പരിഹാരം ഉണ്ടാക്കുന്നതും അതിനാൽ നിയമവിദഗ്ധരുടേയും സാമൂഹ്യപരിഷ്കരണവാദികളുടേയും സവിശേഷശ്രദ്ധ അർഹിക്കുന്നതുമാണു്.

ഫഹ്മിദാ സർദാർ എന്ന ഒരു മുസ്ലീം യുവതിയെ ശഫാത്ത് അഹമദ് എന്നൊരാൾ 1982–ൽ വിവാഹംചെയ്തിരുന്നു. 1987 ആഗസ്റ്റിൽ ശഫാത്ത് അഹമദ് അവളെ മൊഴിചൊല്ലി. അയാൾ അവൾക്കു് മഹർ (വിവാഹമൂല്യം) മടക്കിക്കൊടുക്കുകയോ ഇദ്ദ കാലത്തു ചെലവിനു കൊടുക്കുകയോചെയ്തില്ല. അവൾക്കു് കിട്ടിയ സ്ത്രീധനമോ 'അവസാനത്തെ സമ്മാന'മോ കൊടുത്തില്ലെന്നു പറയേണ്ടതുമില്ല.

തന്റെ അവകാശം സ്ഥാപിച്ചുകിട്ടാൻ കോടതിയെ ഫഹ്മിദ ശരണം പ്രാപിച്ചു. ഈ കേസ് വിചാരണയ്ക്കു വന്നതു് കുമാരി രേഖാദീക്ഷിത് എന്ന